**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1286** **04-07-2022 - ൽ മറുപടിയ്ക്ക്**

**ഒരു പഞ്ചായത്തിൽ ഒരു വിനോദസഞ്ചാര കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഒരു പഞ്ചായത്തിൽ ഒരു വിനോദസഞ്ചാര കേന്ദ്രം വികസിപ്പിക്കൽ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | ടൂറിസം സാധ്യതയുള്ള വിവിധ സ്ഥലങ്ങളെ ടൂറിസം ഡെസ്റ്റിനേഷനുകളാക്കി മാറ്റുന്നതിനായ ടൂറിസം വകുപ്പ് ആവിഷ്കരിച്ച പുതിയ പദ്ധതിയാണ് "ഡെസ്റ്റിനേഷൻ ചലഞ്ച്". തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും നേതൃത്വത്തോടെയും ടൂറിസം സാധ്യതകളുള്ള ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ച് ടൂറിസം വികസനം വിപുലമാക്കാനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. കോവിഡാനന്തര ടൂറിസം പ്രവർത്തനങ്ങളുടെ തുടക്കമെന്ന നിലയിൽ ടൂറിസത്തിന്റെ പ്രധാന്യം തിരിച്ചറിയാനും തദ്ദേശ സ്ഥാപനങ്ങളുടെ വിവിധ സ്കീമുകളെ ടൂറിസം പ്രവർത്തനങ്ങളുമായി സംയോജിപ്പിക്കാനും അതിലൂടെ സംസ്ഥാനത്തിന്റെ തന്നെ വികസനവുമാണ് ഈ പദ്ധതിയിലൂടെ വിഭാവന ചെയ്യുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന പദ്ധതികൾക്ക് പദ്ധതി തുകയുടെ 60% (പരമാവധി 50 ലക്ഷം രൂപവരെ) ടൂറിസം വകു നൽകുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ; | (ബി) | ഈ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 08.06.2022 ന് നടന്നു. തുടർന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, പദ്ധതി റിപ്പോർട്ട്, ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ പോർട്ടലിൽ നിർദ്ദിഷ്ട മാതൃകയിൽ അപ് ലോഡ് ചെയ്യുകയാണ് വേണ്ടത്. ടൂറിസം വകുപ്പ് ആവശ്യമായ പരിശോധനകൾ നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. ഇതുവരെ ഈ പദ്ധതി പ്രകാരം 17 പദ്ധതികളുടെ അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. ആയത് പരിശോധിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഇതിലേക്കായി തിരുവമ്പാടി മണ്ഡലത്തിൽനിന്ന് നിർദ്ദേശിക്കപ്പെട്ട പദ്ധതികൾ വ്യക്തമാക്കുമോ? | (സി) | ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുമായി ബന്ധപ്പെട്ട് തിരുവമ്പാടി മണ്ഡലത്തിൽനിന്ന് പദ്ധതികൾ ഒന്നും തന്നെ ഇതുവരെ പദ്ധതിയുടെ പോർട്ടലിൽ അപ് ലോഡ് ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ